# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജീവനക്കാര്യം - വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയും സ്ഥലം മാറ്റം നൽകിയും ഉത്തരവാകുന്നു.

പരാമർശം : 1. 25.01.2021 ലെ Wp 3-606/2020/WP Tvpm നമ്പർ തിരുവനന്തപുരം വനിതാ ജയിൽ സൂപ്രണ്ടിൻറെ കത്ത്.
2. ഈ ഓഫീസിലെ 08.02.2021 ലെ E6-7823/2016/Prhq നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ. E6-23156/2015/PrHQ; തീയതി : 20-02-2021</u>**

വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ജീവനക്കാരായിരുന്ന ശ്രീമതി ഇ എ ഗീത, ശ്രീമതി റൂബി ഫിലിപ്പ് എന്നിവർ യഥാക്രമം വിയ്യൂർ വനിതാ ജയിൽ, തിരുവനന്തപുരം വനിതാ തുറന്ന ജയിൽ എന്നിവിടങ്ങളിൽ നിന്നും ഗ്രേഡ് I തസ്തികയിലേക്ക് പരാമർശം 2 പ്രകാരം സ്ഥാനക്കയറ്റം നേടിയതിനാൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ 2 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ 01.01.2020 ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം അടുത്തതായി സ്ഥാനക്കയറ്റം നേടേണ്ടത് മാനന്തവാടി ജില്ലാ ജയിലിലെ FAPO ശ്രീമതി മിനി തെക്കേവീട്ടിൽ, ഹോസ്ദുർഗ് ജില്ലാ ജയിലിലെ FAPO ശ്രീമതി ധന്യ പി കെ എന്നിവരാണ്.

എന്നാൽ ശ്രീമതി മിനി തെക്കീവീട്ടിലിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നതിൽ ടി അച്ചടക്ക നടപടി E2-19842/2018/Prhq നമ്പർ 15.09.2020 തീയതിയിലെ ഉത്തരവിലൂടെ ടിയാൾക്ക് അടുത്ത് ലഭിക്കുവാനുള്ള വാർഷിക വേതന വർദ്ധനവ് ആവർത്തന സ്വഭാവത്തോട് കൂടി ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ടിയാൾക്ക് നിലവിൽ സ്ഥാനക്കയറ്റം നല്കുവാൻ കഴിയില്ല. അടുത്തതായി സ്ഥാനക്കയറ്റം നേടേണ്ടത് അടുത്ത സീനിയർ ആയ ഹോസ്ദുർഗ് ജില്ലാ ജയിലിലെ വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീമതി സുമ ടി വി യാണ്.

മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന രീതിയിൽ ജീവനക്കാരെ സ്ഥാനക്കയറ്റം നൽകിയും സ്ഥലം മാറ്റി നിയമിച്ചും ഉത്തരവാകുന്നു.

1. ഹോസ്ദുർഗ് ജില്ലാ ജയിലിലെ വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീമതി ധന്യ പി കെ യെ 29200-62400 രൂപ ശമ്പള സ്കെയിലിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി വിയ്യൂർ വനിതാ ജയിലിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

2. ഹോസ്ദുർഗ് ജില്ലാ ജയിലിലെ വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീമതി സുമ ടി വി യെ 29200-62400 രൂപ ശമ്പള സ്കെയിലിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി തിരുവനന്തപുരം വനിതാ തുറന്ന ജയിലിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

3. തിരുവനന്തപുരം വനിതാ ജയിലിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീമതി ജിജിഷ കെ യെ വിയ്യൂർ വനിതാ ജയിലിലേക്കും വിയ്യൂർ വനിതാ ജയിലിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീമതി വിർജീനിയ ജേക്കബിനെ തിരുവനന്തപുരം വനിതാ ജയിലിലേക്കും പരസ്പരം സ്ഥലം മാറ്റി നിയമിക്കുന്നു.

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരമറിയിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1. ബന്ധപ്പെട്ട ജീവനക്കാർ (സൂപ്രണ്ട് മുഖാന്തിരം)
2. സൂപ്രണ്ട്
വനിതാ തുറന്ന ജയിൽ, തിരുവനന്തപുരം
വനിതാ ജയിൽ തിരുവനന്തപുരം / വിയ്യൂർ
ജില്ലാ ജയിൽ ഹോസ്ദുർഗ്.

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, സീനിയർ എ.ഓ., പിഎ ടു ഡിജിപി, സൂപ്രണ്ട് (എസ്റ്റ്), സിഎ ടു ഡിജിപി/ഡിഐജി (HQ), ഫയൽ, കരുതൽ ഫയൽ.